**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6216** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഒ.ടി.ടി പ്ലാറ്റ്ഫോം വഴിയുള്ള സിനിമ പ്രദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പാശ്ചാത്തലത്തിൽ പൂർണ്ണമായും പ്രതിസന്ധിയിലായ സിനിമ മേഖലയെ കരകയറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വിവിധ സമാശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വൈദ്യുതി ഫിക്സഡ് / ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25% ൽ നിന്ന് 50% ആയി ഉയർത്തി നൽകി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 50% ഇളവുകൾ നൽകി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗീകമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നൽകുവാനും പ്രസ്തുത ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. 2021 മെയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്ത് നല്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 6 തവണ വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നല്കി. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിയേറ്ററുകൾക്ക് നല്കിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു. സിനിമാ തിയേറ്ററുകളുടെ 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകളിൽ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് 50% പ്രേക്ഷകരെ വച്ച് 25.10.2021 മുതൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കോവിഡ് മൂലം പ്രതിസന്ധിയിലായ കലാകാരൻമാർക്ക് ധനസഹായം അനുവദിച്ച പദ്ധതി പ്രകാരം, സിനിമാ മേഖലയിലെ |

| | | | |
|---|---|---|---|
| | | | കലാകാരൻമാർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. അത് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ആദ്യ ഘട്ടത്തിൽ 2364 സിനിമാ കലാകാരൻമാർക്ക് 2000 രൂപ വീതം ധനസഹായം നൽകി. രണ്ടാം ഘട്ടത്തിൽ 29050 പേർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1000 രൂപ വീതം ധനസഹായം നൽകിയ പദ്ധതിയിലും ചലച്ചിത്ര മേഖലയിലുള്ളവർ ഉൾപ്പെട്ടിരുന്നു. സിനിമാ തീയേറ്റർകൾക്കുള്ള വിനോദ നികുതി, വൈദ്യുതി ചാർജ്ജ്, കെട്ടിടനികുതി തുടങ്ങിയ ഇനങ്ങളിൽ കൂടുതൽ ഇളവുകളും മറ്റ് സഹായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | നിലവിൽ സിനിമ മേഖല പൂർണ്ണമായും ആശ്രയിക്കുന്ന ഒ.ടി.ടി. പ്ലാറ്റ്ഫോം വഴിയുള്ള ചിത്രങ്ങളുടെ പ്രദർശനത്തിന് പ്രത്യക്ഷ നികുതി വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഒ.ടി.ടി. പ്ലാറ്റ്ഫോം വഴിയുള്ള സിനിമകളുടെ പ്രദർശനത്തിന് ലഭിക്കുന്ന പ്രത്യക്ഷ നികുതി വരുമാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ